**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1098** **18-09-2025 - ൽ മറുപടിയ്ക്ക്**

**അരുവിക്കര ഡാമിലെ ഡി-സിൽറ്റേഷൻ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ ജി സ്റ്റീഫൻ** | | **ശ്രീ. റോഷി അഗസ്റ്റിൻ (ജലവിഭവ വകുപ്പ് മന്ത്രി)** | |
| (എ) | അരുവിക്കര ഡാമിലെ ഡി-സിൽറ്റേഷൻ പദ്ധതിയുടെ നിർവ്വഹണ പുരോഗതി അറിയിക്കുമോ; ഇവിടെ നിന്നും ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്ന മണലിന്റെ അളവ് എത്രയാണെന്ന് കണക്കാക്കിയിട്ടുണ്ടെങ്കിൽ അറിയിക്കാമോ; പദ്ധതി ഏത് കാലയളവിനുള്ളിൽ പൂർത്തീകരിക്കാനാണ് ലക്ഷ്യമിടുന്നത്; വിവരങ്ങൾ നൽകുമോ; | (എ) | തിരുവനന്തപുരം നഗരത്തിലെ കുടിവെള്ള ആവശ്യങ്ങൾ നിറവേറ്റുന്ന അരുവിക്കര ഡാമിൽ മണ്ണും, മണലും അടിഞ്ഞു കൂടി സംഭരണശേഷിയിൽ കുറവ് സംഭവിച്ചതിന്റെ അടിസ്ഥാനത്തിൽ അവ നീക്കം ചെയ്ത് സംഭരണശേഷി പുനഃസ്ഥാപിക്കുന്നതിനായുള്ള ഡിസിൽറ്റേഷൻ പദ്ധതി കേരള ഇറിഗേഷൻ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് കോർപ്പറേഷൻ (കെ.ഐ.ഐ.ഡി.സി.) മുഖേന നടപ്പിലാക്കിവരുന്നുണ്ട്. ടേൺ കീ അടിസ്ഥാനത്തിലാണ് ഡിസിൽറ്റേഷൻ പദ്ധതി നടപ്പിലാക്കുന്നത്.<br><br>പ്രസ്തുത ഡിസിൽറ്റേഷൻ പദ്ധതിയിൽ 10,24,586 ക്യൂബിക് മീറ്റർ ആണ് ഡിസിൽറ്റ് ചെയ്യുന്നത്. ഇതിൽ ചരൽ, മണൽ, കളിമണ്ണ്, എക്കൽ എന്നിവ ഉൾപ്പെടുന്നു. നിലവിൽ 9755.95 ക്യൂബിക് മീറ്റർ ആണ് ഡിസിൽറ്റ് ചെയ്തിട്ടുള്ളത്. ഒരു വർഷത്തിനുള്ളിൽ പദ്ധതി പൂർത്തിയാക്കാനാണ് പദ്ധതിയിട്ടിരുന്നത്. എന്നാൽ നഗരത്തിലെ കുടിവെള്ള ആവശ്യങ്ങൾക്കായി വെള്ളം ഉപയോഗിച്ച് വരുന്നതിനാൽ, പദ്ധതി പ്രവൃത്തികൾ വളരെ ശ്രദ്ധയോടെയാണ് പുരോഗമിച്ചുവരുന്നത്. ആയതിനാൽ ഡിസിൽറ്റേഷൻ പദ്ധതി പ്രവൃത്തികൾ 2026 അവസാനത്തോടെ പൂർത്തീകരിക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. ഡിസിൽറ്റ് ചെയ്യുന്നത് വഴി സർക്കാരിന് ₹13.88 കോടി രൂപയുടെ വരുമാനവും, ഡാമിൽ ഏകദേശം 1 മില്യൺ ക്യൂബിക് മീറ്റർ അധിക ജലസംഭരണശേഷിയും ഉറപ്പാക്കാനും സാധിക്കും. അതുവഴി തിരുവനന്തപുരം നഗരത്തിലെ കുടിവെള്ള ജലസേചന ആവശ്യങ്ങൾ കൂടുതൽ മെച്ചപ്പെടാനും സഹായകമാകും. |

| | | | |
|---|---|---|---|
| (ബി) | പദ്ധതി പൂർത്തിയായിക്കഴിയുമ്പോൾ ഡാമിലെ ജലസംഭരണ ശേഷി എത്ര ശതമാനം വർദ്ധിപ്പിക്കാൻ കഴിയുമെന്നാണ് കണക്കാക്കിയിട്ടുള്ളത്? | (ബി) | തിരുവനന്തപുരം നഗരത്തിലെ കുടിവെള്ള ആവശ്യങ്ങൾ നിറവേറ്റുന്ന അരുവിക്കര ഡാമിൽ മണ്ണും, മണലും അടിഞ്ഞു കൂടി സംഭരണശേഷിയിൽ കുറവ് സംഭവിച്ചതിന്റെ അടിസ്ഥാനത്തിൽ അവ നീക്കം ചെയ്ത് സംഭരണശേഷി പുനഃസ്ഥാപിക്കുന്നതിനായുള്ള ഡിസിൽറ്റേഷൻ പദ്ധതി കേരള ഇറിഗേഷൻ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് കോർപ്പറേഷൻ (കെ.ഐ.ഐ.ഡി.സി.) മുഖേന നടപ്പിലാക്കിവരുന്നുണ്ട്. ടേൺ കീ അടിസ്ഥാനത്തിലാണ് ഡിസിൽറ്റേഷൻ പദ്ധതി നടപ്പിലാക്കുന്നത്.<br><br>പ്രസ്തുത ഡിസിൽറ്റേഷൻ പദ്ധതിയിൽ 10,24,586 ക്യൂബിക് മീറ്റർ ആണ് ഡിസിൽറ്റ് ചെയ്യുന്നത്. ഇതിൽ ചരൽ, മണൽ, കളിമണ്ണ്, എക്കൽ എന്നിവ ഉൾപ്പെടുന്നു. നിലവിൽ 9755.95 ക്യൂബിക് മീറ്റർ ആണ് ഡിസിൽറ്റ് ചെയ്തിട്ടുള്ളത്. ഒരു വർഷത്തിനുള്ളിൽ പദ്ധതി പൂർത്തിയാക്കാനാണ് പദ്ധതിയിട്ടിരുന്നത്. എന്നാൽ നഗരത്തിലെ കുടിവെള്ള ആവശ്യങ്ങൾക്കായി വെള്ളം ഉപയോഗിച്ച് വരുന്നതിനാൽ, പദ്ധതി പ്രവൃത്തികൾ വളരെ ശ്രദ്ധയോടെയാണ് പുരോഗമിച്ചുവരുന്നത്. ആയതിനാൽ ഡിസിൽറ്റേഷൻ പദ്ധതി പ്രവൃത്തികൾ 2026 അവസാനത്തോടെ പൂർത്തീകരിക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. ഡിസിൽറ്റ് ചെയ്യുന്നത് വഴി സർക്കാരിന് ₹13.88 കോടി രൂപയുടെ വരുമാനവും, ഡാമിൽ ഏകദേശം 1 മില്യൺ ക്യൂബിക് മീറ്റർ അധിക ജലസംഭരണശേഷിയും ഉറപ്പാക്കാനും സാധിക്കും. അതുവഴി തിരുവനന്തപുരം നഗരത്തിലെ കുടിവെള്ള ജലസേചന ആവശ്യങ്ങൾ കൂടുതൽ മെച്ചപ്പെടാനും സഹായകമാകും. |

സെക്ഷൻ ഓഫീസർ